**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **24-02-2022 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയോരം കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷ സമയത്ത് ഇടിഞ്ഞുവീണതും നിലവിൽ ഭീഷണി നേരിടുന്നതുമായ ചാലിയാർ പുഴയോരം കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി ഏതെല്ലാം ഭാഗങ്ങളിലാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; ഇതിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഏതിലെല്ലാം തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിനായി ആർ.എം.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി വാഴക്കാട് പഞ്ചായത്തിലെ വാർഡ് 5 ൽ ചാലിയാറിന്റെ ഇടതുകര സംരക്ഷണത്തിന് 52.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാർ ആരും തന്നെ ഏറ്റെടുത്തില്ല. പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി അവസാനിച്ചതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നല്കിയിട്ടുണ്ട്. 23 അപേക്ഷകൾ ലഭിച്ചതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിൽ കാലവർഷ സമയത്ത് ഇടിഞ്ഞുവീണതും നിലവിൽ ഭീഷണി നേരിടുന്നതുമായ ചാലിയാർ പുഴയോരം കെട്ടുന്നതുമായി ബന്ധപ്പെട്ട് 40 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 4 പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും 3 പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഒരു പ്രവൃത്തി നിലവിൽ പുരോഗതിയിലാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ, ചീക്കോട് പഞ്ചായത്തുകളിൽ ജനങ്ങളുടെ സുരക്ഷിതത്വം പരിഗണിച്ച് അടുത്ത കാലവർഷത്തിന് മുൻപായി പുഴയോരം ഇടിഞ്ഞു വീഴാൻ സാധ്യതയുള്ള ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ? | (ബി) | മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ, ചീക്കോട് പഞ്ചായത്തുകളിൽ ചാലിയാർ പുഴയുടെ കര സംരക്ഷണവുമായി ബന്ധപ്പെട്ട് 23 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | FC-Protecting the right bank of Chaliyar river at Kozhipalliparamba near Cheruvadi in Kodiyathur Grama Panchayath | 34.00 | Work in Progress |
| 2 | FC- Protecting the right bank of Chaliyar river at Perinjeeri in ward No. 9 of Perumanna Pnchayath | 22.00 | Work completed |
| 3 | FD- Protecting the right bank of Chaliyar river near Paranyangad Bhagathi Temple in Ward No. 10 of Kodiayathur Panchayath. | 48.00 | Work completed |
| 4 | SDRF- Rectification of the right bank of Chaliyar river near Kundumkadavu at Tharammal in Kodiyathur Panchayath | 25.00 | Work completed |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-II

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പ്രകൃതിദുരന്തം -2019-2020 എഫ്.ഡി-. മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ വാർഡ് - 8 ൽ 8/295 സി, 8/291 വീട്ടുകളുടെ അടുത്ത് ചാലിയാർ പുഴയുടെ ഇടത് കര സംരക്ഷണം. | 40.00 |
| 2. | പ്രകൃതിദുരന്തം 2019-2020 എഫ്.ഡി -. മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ പേടങ്ങൽ കവണക്കല്ല് ആർ.സി.ബി യുടെ താഴെ ഭാഗത്തായി ചാലിയാർ പുഴയുടെ ഇടത് കര സംരക്ഷണം | 82.30 |
| 3. | മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമ പഞ്ചായത്തിലെ എടശ്ശേരി കടവ് ഭാഗത്ത് RS No. 234/1, 234/13, 234/14, 234/23, 230/1 വാർഡ് 2 ൽ ചാലിയാർ പുഴയുടെ ഇടത് കര സംരക്ഷണം | 66.70 |
| 4. | പ്രകൃതി ദുരന്തം - 2019-2020 എഫ്ഡി മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിൽ വാർഡ് 3 കൂടാംതൊടിക പറമ്പ് ഭാഗത്തെ ചാലിയാർ പുഴയുടെ ഇടത് കര സംരക്ഷണം | 15.00 |
| 5. | പ്രകൃതി ദുരന്തം - 2018 എഫ്സി മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 1 ആക്കോട് മുക്കോലയ്ക്കൽ ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകരസംരക്ഷണം | 15.00 |
| 6. | പ്രകൃതി ദുരന്തം - 2019-2020 എഫ്സി മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ വാർഡ് 1 ൽ ആക്കോട് വലിയ മാളിയേക്കൽ യാറം മസ്ജിദ് ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകരസംരക്ഷണം | 15.00 |
| 7. | ആർ. എം. എഫ് - മലപ്പുറം ജില്ലയിലെ വാഴയൂർ പഞ്ചായത്തിൽ വാർഡ് 6 ൽ ചക്കാലക്കൽ ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 35.00 |
| 8. | ആർ.എം.എഫ്- മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് 9 ൽ തെയ്യമ്പാടി വെട്ടത്തൂർ ഭാഗത്ത് ബ്ലോക്ക് 19 ൽ RS No. 419/1, 419/19, ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 40.00 |
| 9. | ആർ. എം. എഫ് - മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് 9 ൽ തെയ്യമ്പാടി വെട്ടത്തൂർ കാച്ചാത്ത് തെക്കേടത്ത് കോവിലകത്ത് ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 26.40 |
| 10. | ആർ. എം. എഫ് - മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് 8 ൽ കൊന്നാരമഖാം ഭാഗത്ത് 295 നമ്പർ വീടിനടുത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 25.40 |
| 11. | ആർ. എം. എഫ് - മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് 8 മപ്രം താക്കിയേക്കൽ ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 33.60 |
| 12. | ആർ. എം. എഫ് - ലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിൽമ വാർഡ് 2 ൽ RS No. 235/6 എടശ്ശേരിക്കടവ് ബ്രിഡ്ജിനു മുകൾ വെട്ടുപ്പാറ ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 21.50 |
| 13. | വാഴക്കാട് പഞ്ചായത്തിൽ വാർഡ് 3 മുണ്ടുമുഴി തേന്യാട്ടി കല്ലിങ്ങൽ ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 63.00 |

| | | |
|---|---|---|
| 14. | എഫ്സി വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ മപ്രം – എളമരം മൂഴിക്കൽ ഭാഗത്ത് ബ്ലോക്ക് 19 ൽ ചാലിയാർ പുഴയുടെ ഇടതുകരസംരക്ഷണം | 50.00 |
| 15. | മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിലെ വാർഡ് 3 ൽ പൂങ്കൊടി പാലത്തിനടുത്തായി ചെറുപുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മാണം | 39.05 |
| 16. | എഫ്സി വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ വാർഡ് 17 ൽ എളമരംകടവ് ഭാഗത്ത് RS No. 259/3, 258/2 ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 35.355 |
| 17. | ആർ.എം.എഫ് – മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ വാഴയൂർ വില്ലേജിലെ ബ്ലോക്ക് നം.6 ആർ.എസ്.നം.85/15 ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 20.40 |
| 18. | വാഴയൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 5 ൽ എടവലത്ത് നെച്ചിക്കടവ് – മാമിയിൽ താഴം ഭാഗത്ത് ചാലിയാർ പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം | 64.00 |
| 19. | എഫ്സി ചീക്കോട് ഗ്രാമ പഞ്ചായത്തിൽ വാർഡ് 3 ൽ കാരണത്ത് മൂഴിത്തോട് പറമ്പ് മുതൽ കുനിന്തല മൂഴിത്തോട് പറമ്പ് വരെ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 253 |
| 20. | മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 7 ൽ ചാലിയാർ പുഴയുടെ എളമരം കടവ് മുതൽ മാടത്തിങ്ങൽ വരെ സംരക്ഷണഭിത്തി നിർമ്മാണം. | 172.00 |
| 21. | മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ വാർഡ്1– ൽ പറശ്ശേരിപ്പാറായി ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 39.00 |
| 22. | വാഴക്കാട് പഞ്ചായത്തിലെ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിൻറെ (ഇടത് ഡൌൺ സ്ട്രീം ഭാഗത്ത്) സംരക്ഷണഭിത്തി പുനഃനിർമ്മാണം | 80.00 |
| 23. | വാഴക്കാട് പഞ്ചായത്തിലെ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിൻറെ (അപ് സ്ട്രീം ഭാഗത്ത്) ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 60.00 |

**സെക്ഷൻ ഓഫീസർ**